# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 3**

---

## ടെക്നിക്കൽ അസിസ്റ്റൻറ്; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റൻറിൻറെ താൽകാലിക തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

എൽസി/എഐ, ഇഡബ്ല്യുഎസ് എന്നീ സംവരണ വിഭാഗങ്ങളിലെ ഒന്നു വീതം ഒഴിവുകളിലേയ്ക്കാണ് നിയമനം.

കെമിസ്ട്രി, പോളിമർ കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും പ്രവൃത്തിപരിചയവും ആണ് അടിസ്ഥാനയോഗ്യത.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 20000 രൂപ. പ്രായപരിധി 2024 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്.(പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും).

താൽപര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനും ലഭിക്കത്തക്ക വിധം അയയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/251/2024)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി പരീക്ഷകൾ ഏപ്രിൽ 15ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ്

ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി പരീക്ഷകൾ ഏപ്രിൽ 30ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/252/2024)

## പേപ്പർ ഉൾപ്പെടുത്തി

അഞ്ചാം സെമസ്റ്റർ സിബിസിഎസ്(സ്പെഷ്യൽ റീഅപ്പിയറൻസ് - 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു മാത്രം - മാർച്ച് 2024) പരീക്ഷയിൽ ബിഎസ്എം പ്രോഗ്രാമിൻറെ എൻവയോൺമെൻറൽ സ്റ്റഡീസ് ആൻറ് ഹ്യൂമൺ റൈറ്റ്സ് ഇൻ സ്പോർട്ട്സ് എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി. പരീക്ഷ ഏപ്രിൽ 23ന് നടക്കും.

(പി.ആർ.ഒ/39/253/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.എസ്.സി മോഡൽ 3 ഇലക്ട്രോണിക്സ്, മോഡൽ 3 കമ്പ്യൂട്ടർ മെയിൻറനൻസ് ആൻറ് ഇലക്ട്രോണിക്ക്സ്(സിബിസിഎസ് - പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ റി-അപ്പിയറൻസ് - ഫെബ്രുവരി 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് രണ്ടു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/254/2024)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി

ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ബിസിനസ്സ് മാനേജ്മെൻറ്(സിബിസിഎസ് - പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾ മാർച്ച് 18 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/255/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ്(പിജിസിഎസ്എസ് - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 15 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.........................

കഴിഞ്ഞ വർഷം മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ മ്യൂസിക് വോക്കൽ(2017-2018 അഡ്മിഷൻ സപ്ലിമെൻററി, 2014-2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 16 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.........................

ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ സിബിസിഎസ് ബി.കോം(മോഡൽ 1,2,3) (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 11 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.........................

2022 ഒക്ടോബറിലെ വിജ്ഞാപനം പ്രകാരം കഴിഞ്ഞ വർഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ നടത്തിയ നാലം സെമസ്റ്റർ സിബിസിഎസ്എസ് ബിഎ മോഡൽ 1,2,3(2009-12 അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 18 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.........................

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി ആൻറ് ആന്ത്രപ്പോളജി(2023 അഡ്മിഷൻ, സോഷ്യൽ സയൻസസ് ഫാക്കൽറ്റി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 16 വരെ വകുപ്പു മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

.........................

സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കഴിഞ്ഞ ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എംടിടിഎം(2023 അഡ്മിഷൻ, ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി സ്റ്റഡീസ് ഫാക്കൽറ്റി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 16 വരെ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/256/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**